# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1538 — 03.10.2016 ൽ - മറുപടിക്ക്

## 'ഭക്ഷ്യ സുരക്ഷാ നിയമം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ 'ഭക്ഷ്യ സുരക്ഷാ നിയമം' കേരളത്തിൽ നടപ്പിലാക്കുന്നതു മൂലം ഉണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ; | (എ) 2013 ലെ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ 96 ലക്ഷം ആയിരുന്ന ബി.പി.എൽ. വിഭാഗം ആളുകളുടെ എണ്ണം ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ അനുബന്ധപ്രകാരം 1,54,80,040 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) ആയി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നതും ഒരു അംഗത്തിന് 5 കിലോഗ്രാം ഭക്ഷ്യ ധാന്യം വീതം ലഭിക്കുന്നതുമാണ്. വാതിൽപ്പടി വിതരണവും സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും നടപ്പാക്കുന്നതിലൂടെ റേഷൻ വിതരണ ത്തിലെ കാര്യക്ഷമതയും സുതാര്യതയും പൂർണ്ണമായി ഉറപ്പാക്കാൻ കഴിയുന്നതാണ്. |
| (ബി) പ്രസ്തുത നിയമം ദോഷകരമല്ലാത്ത വിധം കേരളത്തിൽ നടപ്പിലാക്കുന്ന തിന് മുൻസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ; | (ബി) 05.07.2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10.07.2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 02.12.2013 ലെ സ.ഉ. (കൈ)നം.53/2013/ഭ.സി.സ.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 07-07-2014 ലെ സ.ഉ. (കൈ)നം.21/14/ഭ.സി.സ.വ. പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതി നായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള |

നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 01-01-2015 മുതൽ വിവര ശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും, 19-01-2015 മുതൽ സംസ്ഥാനത്ത് ഒട്ടാകെ സംഘടിപ്പിച്ച 9442 ഫോട്ടോ ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ 13-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും ചെയ്തു. 18 വയസ് പൂർത്തിയായ വനിത കുടുംബത്തിൽ ഇല്ലാത്ത പക്ഷം മുതിർന്ന പുരുഷന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ സി.ഡിറ്റ്, അക്ഷയ, കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി എന്നീ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി മേൽ പറഞ്ഞ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി.

| | |
|---|---|
| (സി) പ്രസ്തുത നിയമം റേഷൻ കാർഡുടമകൾക്ക് ഗുണകരമാകുന്ന വിധം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ; | (സി) റേഷൻ കാർഡ് ഉടമകൾ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 അനുസരിച്ച് അവകാശപ്പെട്ട റേഷൻ വിഹിതം കൃത്യമായും സുതാര്യമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് ഇ-പോസ് മെഷീൻ മുഖേനയുള്ള വിതരണത്തിലൂടെ സാധ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*